**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :- 5218

27.07.2015 -ൽ മറുപടിക്ക്

**നൊച്ചാട് ഗ്രാമപഞ്ചായത്തിന് ഭൂമി ലഭിക്കാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | നൊച്ചാട് ഗ്രാമപഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിൽ നിന്ന് ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ (4525/U/2014/RD) എന്തെല്ലാം നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റേതായി നിലവിൽ ഒരു പഞ്ചായത്ത് ഓഫീസ് ഉള്ളതായി അപേക്ഷയോടൊപ്പമുള്ള സ്കെച്ചിൽ പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റേതായി ഒരു കെട്ടിടം നിലനിൽക്കെ സമാന ആവശ്യത്തിനായി സർക്കാർ ഭൂമി ആവശ്യപ്പെടുന്നത് സംബന്ധിച്ചും ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് നിക്ഷിപ്തമാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കാൻ 27.05.2014, 14.11.2014 എന്നീ തീയതികളിൽ കോഴിക്കോട് ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത പഞ്ചായത്തിന് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അർഹത പരിശോധിച്ച് ഗ്രാമപഞ്ചായത്തിന് ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**